LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ പെൻഷൻ ലഭിക്കുന്നതിനുള്ള കാലാവധി കുറയ്ക്കുന്നതിന് നടപടി

26(1288) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന പലരുടേയും വയസ്സ് മുപ്പത്തിയഞ്ചിനും നാൽപ്പതിനും ഇടയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കൊണ്ട് പലർക്കും മുഴുവൻ പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഴുവൻ പെൻഷൻ ലഭിക്കുന്നതിനുള്ള കാലാവധി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഴുവൻ പെൻഷൻ ലഭിക്കുന്നതിനുള്ള കാലാവധി കുറയ്ക്കുന്നത് സംബന്ധിച്ച് ശുപാർശയൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വില്ലേജ് ഓഫീസർ തസ്തിക ഗസറ്റഡ് പോസ്റ്റ് ആക്കി ഉയർത്താൻ നടപടി

27(1270) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ ഏറ്റവും അധികം സർട്ടിഫിക്കറ്റുകൾ നൽകുന്ന തസ്തികയായ വില്ലേജ് ഓഫീസർ തസ്തിക ഗസറ്റഡ് പോസ്റ്റ് ആക്കി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അടിസ്ഥാന യോഗ്യത ഡിഗ്രി കോഴ്സും ചെയിൻ സർവ്വേയും ആക്കി പ്രസ്തുത ഗസറ്റഡ് പോസ്റ്റ് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം വില്ലേജ് ഓഫീസർ തസ്തിക കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട ഒരു തസ്തികയാണ്. യു.ഡി. ക്ലാർക്കിന്റെപ്രൊമോഷൻ തസ്തികയാണ്. ഇത് വില്ലേജ് ഓഫീസർ, ഹെഡ് ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ എന്നിവ സമാന തസ്തികകളാണ്. ആയതിനാൽ ഈ തസ്തിക ഗസറ്റഡ് ആക്കുന്ന കാര്യവും അടിസ്ഥാന യോഗ്യത ഡിഗ്രി കോഴ്സ് ആക്കുന്ന കാര്യവും പരിഗണനാർഹമല്ല.